# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 723** **29/05/2019-ൽ മറുപടിയ്ക്ക്**

## സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.കെ.ഡി. പ്രസേനൻ</td><td></td><td>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സർക്കാർ-എയ്ഡഡ് സ്കൂളുകളെയാണ് സഹകരണവകുപ്പ് മുഖേന സജ്ജീകരിക്കുന്ന സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;</td><td>(എ)</td><td>ആലത്തൂർ നിയോജക മണ്ഡലത്തിൽ ജി.യു.പി.എസ്. പുതിയങ്കം. എ.യു.പി.എസ്. തൃപ്പന്നൂർ - കിഴക്കഞ്ചേരി എന്നീ സ്കൂളുകളെയാണ് സഹകരണ വകുപ്പ് മുഖേന സജ്ജീകരിക്കുന്ന സ്മാർട്ട് ക്ലാസ് റൂം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.</td></tr>
<tr><td>(ബി)</td><td>പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദാംശം നൽകാമോ?</td><td>(ബി)</td><td>സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, നടപ്പാക്കുവാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും, തയ്യാറാക്കിയിരുന്നു.<br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ